ALPHA INSTITUTE
OF THEOLOGY AND SCIENCE
Sandesabhavan, Thalassery, Kerala, India - 670 101

# Online Viva Model Questions

## ദൈവശാസ്ത്ര പ്രവേശിക

### *ഒറ്റവാക്കിൽ ഉത്തരം നൽകുക*

1. 'തിയോളജി' പദത്തിന്റെ ഉത്ഭവം ഏത് ഭാഷയിൽ നിന്നാണ്?
2. 'ലോഗോസ്' എന്ന വാക്കിനർത്ഥമെന്ത്?
3. സഭയുടെ പൊതുമനഃസാക്ഷിയായി നിലകൊള്ളുന്നത്?
4. മൗലിക ദൈവശാസ്ത്രത്തിലെ ഏറ്റവും അടിസ്ഥാനപരമായ യാഥാർത്ഥ്യമെന്ത്?
5. അഞ്ചാംനൂറ്റാണ്ടിലെ പാശ്ചാത്യ പിതാക്കന്മാരുടെ ഗണത്തിലെ അഗ്രഗണ്യനാര്?
6. ജനത്തിന്റെ ജീവിതത്തെ നയിക്കേണ്ട സ്നേഹത്തിന്റെ ചൈതന്യത്തെ വിശദീകരിക്കുന്ന പുസ്തകമേത്?
7 'നീതിയുടെ സഹനം' എന്നത് ഏത് പുസ്തകത്തിന്റെ പ്രമേയമാണ്?
8. 'കാനോൻ' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥമെന്ത്?
9. ഹോമോ ഊസിയ എന്ന പദത്തിന്റെ വാച്യാർത്ഥം എന്ത്?
10. വി. പത്രോസിന്റെയും വി.പൗലോസിന്റെയും പ്രവർത്തനകേന്ദ്രം ഏത്?
11. അംബ്രോസിയൻ ആരാധനാക്രമം ഇന്ന് ഉപയോഗത്തിലുള്ള സ്ഥലമേത്?
12. കോപ്റ്റിക് ആരാധനക്രമം രൂപംകൊണ്ടത് എവിടെ?
13. ക്രൈസ്തവന്റെ ആത്മീയ ഭക്ഷണമാണ്................................
14. സ്നാപകയോഹന്നാൻ ജലംകൊണ്ട് മാമ്മോദീസ നൽകിയതിന്റെ ലക്ഷ്യമെന്തായിരുന്നു?
15. പരിശുദ്ധാത്മാവിനെ നമുക്ക് ആദ്യമായി ലഭിക്കുന്ന കൂദാശയേത്?
16. സീറോമലബാർ സഭ ഇന്ന് ഉപയോഗിക്കുന്ന ആരാധനക്രമം ഏത്?
17 'കാഹൽ' എന്ന ഹീബ്രുപദത്തിന്റെ അർത്ഥമെന്ത്?
18. 'കൃപാവരത്തിന്റെ വേദപാരംഗതൻ' എന്നറിയപ്പെടുന്നതാര്?
19. എഫേസൂസ് സൂനഹദോസ് നടന്ന വർഷമേത്?
20. ക്രിസ്തുമതം ജന്മംകൊള്ളുന്നത് ..............ന്റെ കൈക്കുമ്പിളിലാണ്.

### *3 മിനിറ്റിൽ കുറയാതെ ഉത്തരം നൽകുക*

1. ദൈവശാസ്ത്രം എന്ന സംജ്ഞയുടെ നിർവ്വചനവും വിശദീകരണവും നൽകുക?
2. ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങൾ ഏവ?
3. ബൈബിളും പാരമ്പര്യവും തമ്മിലുള്ള ബന്ധം വിശദീകരിക്കുക?
4. സഭാചരിത്രം പഠിക്കേണ്ടതിന്റെ ആവശ്യകത വിശദമാക്കുക?